പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 268 — 03.02.2020 ൽ മറുപടിക്ക്

## ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നവീകരണം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിച്ച ട്രോമാകെയർ യൂണിറ്റും സർജിക്കൽ വാർഡും പ്രവർത്തന സജ്ജമാക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇതിന്റെ നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; | (ബി) | GO(Rt) No.3345/2018/H&FWD Dated 08.11.2018 പ്രകാരം (NABARD Assistance Under RIDF XXIV 2018-19) ട്രോമാകെയർ യൂണിറ്റിനും സർജിക്കൽ വാർഡിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ സ്കെച്ച് ഡിസൈൻ തയ്യാറാക്കുന്നതിനായി പി.ഡബ്ല്യൂ.ഡിയ്ക്ക് നൽകിയിട്ടുണ്ട്. |
| (സി) | ചാലക്കുടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ? | (സി) | ചാലക്കുടി താലൂക്ക് ആശുപത്രിയിൽ മലിനജല സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് 74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരത്തിന് കൈമാറിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ ഇതിന്റെ നിർമ്മാണ പ്രവർത്തികൾക്കായി സർക്കാർ അംഗീകൃത ഏജൻസിയായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനിയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. 90% പണി പൂർത്തിയാക്കിയിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ